## അബ്ക്കാരി ശീതളപാനീയലോബിരംഗത്ത്

# നീര ഉൽപ്പാദനപദ്ധതി അട്ടിമറിക്കുന്നു



**കരിയം**



സംസ്ഥാനത്തെ അബ്ക്കാരി ലോബിയുടെയും അയൽ സംസ്ഥാനങ്ങളിലെ നീര ഉൽപ്പാദക ലോബിക്കുവേണ്ടിയും കേരളത്തിൽ നീര ഉൽപ്പാദന പദ്ധതി അട്ടിമറിക്കുന്നു. കുത്തകകളായ ശീതളപാനീയ കമ്പനികളും സംസ്ഥാന എക്സൈസ് മന്ത്രി കാര്യാലയവും ചേർന്നാണ് സംസ്ഥാനത്തിന് പ്രതിവർഷം 54,000 കോടിയിലേറെ രൂപയുടെ വരുമാനം ലഭിക്കുന്നതും കേര കർഷകർക്ക് വരുമാനം കിട്ടുന്നതുമായ നീര ഉൽപ്പാദനം അട്ടിമറിക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ സംസ്ഥാനബജറ്റിലാണ് നീര ഉൽപ്പാദനത്തിന് പദ്ധതി തയ്യാറാക്കാൻ പ്രഖ്യാപനം ഉണ്ടായത്. ബജറ്റ് പ്രഖ്യാപനം വന്ന ഉടൻ തന്നെ അന്തർദേശീയ കുത്തക കമ്പനികളായ ശീതളപാനീയ ഉൽപ്പാദകർ നീര ഉൽപ്പാദനത്തിനെതിരെ ചരടുവലികൾ ആരംഭിച്ചിരുന്നു. അബ്ക്കാരി നിയമത്തിന്റെ പരിധിയിൽ വരാത്ത നീരയെ എക്സൈസ് വകുപ്പിന്റെ കൈപ്പിടിയിൽ നിലനിർത്താൻ ആദ്യം മുതൽ തന്നെ നീക്കം തുടങ്ങിയിരുന്നു. നീര ഉൽപ്പാദനം വാണിജ്യാടിസ്ഥാനത്തിൽ നടത്തി കേരകർഷകർക്ക് അധിക വരുമാനം ഉറപ്പുവരുത്തണമെന്ന കർഷകരുടെ ദീർഘകാലത്തെ ആവശ്യം ഉയർത്തിപ്പിടിക്കാൻ സംസ്ഥാന കൃഷിവകുപ്പ് ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല കടുത്ത അലംഭാവം കാണിക്കുകയും ചെയ്തു. ഇത് എക്സൈസ് ഉദ്യോഗസ്ഥർക്കും അബ്കാരിവ്യവസായ ലോബിക്കും കാര്യങ്ങൾ എളുപ്പമാക്കി. നീരയെ കാർഷികോൽപ്പന്നത്തിന്റെ പട്ടികയിൽ നിന്നും അകറ്റി നിർത്താൻ എക്സൈസ് വകുപ്പിന് ഒത്താശ ചെയ്തു കൊടുത്തു. നീര ഉല്പാദനത്തിൽ നിന്നും കർഷകരെ മാറ്റി നിർത്തുകയെന്ന എക്സൈസ് വകുപ്പിന്റെയും അബ്ക്കാരി ലോബിയുടെയും ശ്രമങ്ങൾക്ക് കൃഷിവകുപ്പിന്റെ സമീപനം സഹായകമാവുകയും ചെയ്തു.

തമിഴ്നാട്, കർണ്ണാകം എന്നീ സംസ്ഥാനങ്ങളിലെയും മലേഷ്യാ ശ്രീലങ്ക എന്നീ രാജ്യങ്ങളിലെയും നീര ഉൽപ്പാദക ലോബിക്ക് സംസ്ഥാന സർക്കാർ കീഴടങ്ങുകയായിരുന്നു. സംസ്ഥാനത്തെ അബ്ക്കാരി ലോബിക്കൊപ്പം അന്തർദേശീയ കുത്തകകളായ ശീതളപാനീയ നിർമ്മാണ കമ്പനികളും രംഗത്തെത്തിയതോടെ സംസ്ഥാനത്തെ എക്സൈസ് വകുപ്പിലെ ഉന്നതർക്കും മന്ത്രി കാര്യാലയത്തിലെ ചിലർക്കും സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനപ്പുറം സ്വന്തം സേവിംഗ്സിലേക്കായി കാര്യങ്ങൾ.

ബജറ്റ് പ്രഖ്യാപനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും നീര ഉൽപ്പാദനത്തിന് ഉത്തരവ് പുറത്തിറങ്ങിയില്ല. വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ശക്തമായ സമ്മർദ്ദത്തെ തുടർന്ന് ഉത്തരവിറക്കാൻ സർക്കാർ നിർബന്ധിതമായി. അതു കഴിഞ്ഞ് അഞ്ച് മാസങ്ങൾക്ക് ശേഷമാണ് നിയമഭേദഗതിക്ക് നീക്കം ആരംഭിച്ചത്. നിയമഭേദഗതി പുറത്ത് വന്നപ്പോൾ മന്ത്രിസഭയുടെ അംഗീകാരം ഇല്ലാത്ത നിബന്ധനകൾമനപൂർവ്വം തിരുകികയറ്റി ഈ നിയമ ഭേദഗതി നടപ്പാക്കാതിരിക്കാൻ ബോധപൂർവ്വം നിബന്ധ നകൾ തിരുകികയറ്റുകയായിരുന്നു. നിബന്ധനകളെല്ലാം കർഷകവിരുദ്ധമാകാൻ നിർബന്ധം കാണിക്കുകയും ചെയ്തു.

ആദ്യം മുതൽ തന്നെ കർഷകനെ അകറ്റി നിർത്തി കള്ള് ചെത്ത് മേഖലയുമായി നീര ഉൽപ്പാദനത്തെ കൂട്ടിയോജിപ്പിക്കാൻ ശ്രമം നടത്തി. കൃഷി വകുപ്പിന്റെ നിരുത്തരവാദപരവും കർഷകർക്ക് അനുകൂലമല്ലാത്ത തുമായ നിലപാട് ഇക്കാര്യത്തിൽ അബ്ക്കാരി എക്സൈസ് വകുപ്പ് ലോബിക്ക് കാര്യങ്ങൾ എളുപ്പമാക്കി.

നീരചെത്താനുള്ള അനുമതി നൽകുന്നതിൽ കേരകർഷകന് ഒരു പങ്കും ഇല്ലാതാക്കി. സംസംസ്ഥാനത്ത് കേര കർഷകരുടെ സംഘങ്ങൾക്ക് നീര ഉൽപ്പാദിപ്പിക്കാനുള്ള അനുമതി നൽകുമെന്ന പ്രഖ്യാപനം കാറ്റിൽ പറത്തി നിലവിലില്ലാത്ത സ്ഥാപനങ്ങൾക്കു പോലും നീര ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകി. നീര ഉൽപ്പാദിപ്പിക്കുന്നതിന് കർഷകന് നിയന്ത്രണങ്ങൾ കൊണ്ടുവന്നു. ഒരു കർഷകൻ പരമാവധി 20 തെങ്ങുകളിൽ നിന്ന് മാത്രമല്ല നീര ഉൽപ്പാദിപ്പിക്കാവുവെന്ന് ഭേദഗതിയിൽ നിബന്ധനകൊണ്ടുവന്നു. ഇത്തരമൊരു നിബന്ധന മന്ത്രിസഭ അംഗീകരിച്ച ഭേദഗതിയിൽ ഇല്ലായിരുന്നു. ഇത് ചോദ്യം ചെയ്താൽ നിയമപരമായി ഭേദഗതി നില നിൽക്കാതെ വരും. അതിന്വേണ്ടി ബോധപൂർവ്വമാണ് ഇങ്ങനെയൊരു നിബന്ധന തിരുകികയറ്റിയത്. 25 വർഷം മുമ്പ് പിരിച്ചുവിട്ട സംസ്ഥാന നാളികേര വികസന കോർപ്പറേഷനും വർഷങ്ങൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ശർക്കര നിർമ്മാണസംഘങ്ങൾക്കും നീര ഉൽപ്പാദനത്തിന് അനുമതി നൽകിയിട്ടുണ്ട്. നീരചെത്തുന്നവർ കള്ള് ചെത്ത് തൊഴിലാളിക്ഷേമനിധിയിൽ അംഗത്വമെടുക്കണമെന്നതാണ് മറ്റൊരു നിബന്ധന. എന്നാൽ നീര കള്ള് അല്ലെന്ന് ഇതു സംബന്ധിച്ച ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വൈരുദ്ധ്യം നിയമപരമായി ചോദ്യം ചെയ്യപ്പെട്ടാൽ ഭേദഗതി റദ്ദാക്കപ്പെടാം അത് തന്നെയാണ് ഇത് തയ്യാറാക്കിയതിന് പിന്നിലെ ബുദ്ധിയും.

സംസ്ഥാനത്തെ 18 കോടി തെങ്ങുകളിൽ ഒരു ശതമാനമായ 18 ലക്ഷം തെങ്ങുകൾ നീര ഉൽപ്പാദിപ്പിക്കുമ്പോൾ പോലും പ്രതിവർഷം 4000 കോടി രൂപയുടെ വരുമാനം ലഭിക്കുമെന്നാണ് കേരള കാർഷിക സർവകലാശാലയുടെ കണക്ക്.

എക്സൈസ് ഇൻസ്പെക്ടർ രേഖപ്പെടുത്തിയ തെങ്ങിൽനിന്ന് മാത്രമാണ്, നൂറ് ശതമാനവും ആൾക്കഹോൾ വിമുക്തമായ നീര ഉൽപാദിപ്പിക്കാൻ എന്നാണ് മറ്റൊരു നിബന്ധന.

കരിക്കിൻ വെള്ളവും വെർജിൻ കോക്കനട്ട് ഓയിലും സൃഷ്ടിച്ച വൻ പ്രതീക്ഷയാണ് ലോകത്ത് നീര ഉൽപ്പാദനത്തിന്റെ അടിത്തറ. ആൾക്കഹോൾ ഇല്ലാതെ പുളിക്കാൻ അനുവദിക്കാതെ ആറുമാസം വരെ കേടുകൂടാതെ നീര സൂക്ഷിക്കാൻ കഴിയുമെന്നാണ് ശാസ്ത്രീയ കണ്ടുപിടുത്തം. ഇതിൽ നിന്നും കേര പഞ്ചസാരയും ശർക്കരയും ഉണ്ടാക്കാം. എന്നുമാത്രമല്ല ആധുനിക സമൂഹം ഇഷ്ടപ്പെടുന്ന നൂഡിൽസ് പോലുള്ള വിഭവങ്ങളും ഉണ്ടാക്കാനാവുമെന്നാണ് കണ്ടെത്തൽ. നീര ഉൽപ്പാദനത്തിലും ഉപഭോഗത്തിനും കയറ്റുമതിയിലും മുമ്പിൽ നിൽക്കുന്ന രാജ്യം ഇന്തോനേഷ്യയാണ്. വർഷത്തിൽ ആറ് ലക്ഷം ടൺ കേര പഞ്ചസാര ഇന്തോനേഷ്യ ഉൽപ്പാദിപ്പിക്കുന്നു. ഒന്നര ബില്യൺ ഡോളറാണ് അതിലൂടെയുള്ള വരുമാനം.

ഇതിൽ നിന്നും പാഠം ഉൾക്കൊണ്ട് തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രയിലും ഒറീസയിലും മാത്രമല്ല വടക്ക്- കിഴക്കൻ സംസ്ഥാനങ്ങളിലും കേരകൃഷി ശാസ്ത്രീയമായി വ്യാവസായികാടിസ്ഥാനത്തിൽ തോട്ടങ്ങളായി വികസിച്ചിരിക്കുകയാണ്. ഈ സംസ്ഥാനങ്ങളിൽ നിന്നും ശ്രീലങ്കയിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നും മലേഷ്യയിൽ നിന്നും കേരളത്തിലേക്ക് നീരയും ഉപഉൽപ്പന്നങ്ങളും പ്രവഹിക്കാൻ പോവുകയാണ്. ഇപ്പോൾ തന്നെ തായ്‌ലന്റിൽ നിന്നുള്ള നീര കേരളത്തിലെ പട്ടണങ്ങളിൽ ലഭ്യമാണ്. ●

**സംസ്ഥാനത്തെ 18 കോടി തെങ്ങുകളിൽ ഒരു ശതമാനമായ 18 ലക്ഷം തെങ്ങുകൾ നീര ഉൽപ്പാദിപ്പിക്കുമ്പോൾ പോലും പ്രതിവർഷം 4000 കോടി രൂപയുടെ വരുമാനം ലഭിക്കുമെന്നാണ് കേരള കാർഷിക സർവകലാശാലയുടെ കണക്ക്. എക്സൈസ് ഇൻസ്പെക്ടർ രേഖപ്പെടുത്തിയ തെങ്ങിൽനിന്ന് മാത്രമാണ്, നൂറ് ശതമാനവും ആൾക്കഹോൾ വിമുക്തമായ നീര ഉൽപാദിപ്പിക്കാൻ എന്നാണ് മറ്റൊരു നിബന്ധന.**